# കൃഷി വിജ്ഞാന കേന്ദ്രം - ആലപ്പുഴ

## ICAR-KRISHI VIGYAN KENDRA - ALAPPUZHA

കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം പ്രാദേശിക കേന്ദ്രം, കായംകുളം – 690 533, കേരളം

Vol. 13 Issue 01 **NEWSLETTER** January - March 2015

വാല്യം 15 ലക്കം 01 **വാർത്താപത്രിക** ജനുവരി – മാർച്ച് 2015




## അകത്താളുകളിൽ



'സംയോജിത കുടുംബകൃഷി - ഭക്ഷ്യ പോഷക സുരക്ഷയ്ക്ക്' - സെമിനാറും മുഖാമുഖവും


ബോധവത്ക്കരണ സെമിനാർ - 'സസ്യഇനങ്ങളുടെ സംരക്ഷണവും കർഷകരുടെ അവകാശങ്ങളും'


കൃഷിയിട പാഠശാല


വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ





**കൂടുതൽ വിവരങ്ങൾക്ക്**

പ്രോഗ്രാം കോർഡിനേറ്റർ
കൃഷി വിജ്ഞാന കേന്ദ്രം –ആലപ്പുഴ
സി.പി.സി.ആർ.ഐ. (ആർ.എസ്.),
കൃഷ്ണപുരം പി.ഒ.
കായംകുളം – 690 533
ഫോൺ/ഫാക്സ്: 0479 2449268
email:kvkalapuzha@gmail.com


## മുട്ടാറിൽ കൊയ്ത്തുത്സവം

കൃഷി വിജ്ഞാന കേന്ദ്രം മുട്ടാർ പഞ്ചായത്തിൽ നടപ്പിലാക്കുന്ന കാലാവസ്ഥാനുസൃത കൃഷി സമ്പ്രദായങ്ങളുടെ ദേശീയ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളിലെ 30 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കിയ "വിഭവ സംരക്ഷിതവും പരിസ്ഥിതി സൗഹാർദ്ദവും ലാഭകരവുമായ നെൽകൃഷി" എന്ന സാങ്കേതിക വിദ്യാ പ്രദർശനത്തിന്റെ കൊയ്ത്തുത്സവം 2015 മാർച്ച് 19 വ്യാഴാഴ്ച രാവിലെ 10.00 മണിക്ക് പരുത്തിക്കാട്ട് പാടശേഖരത്തിൽ വെച്ച് നടത്തി. കാസറഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണസ്ഥാപന മേധാവി ഡോ. പി ചൗഡപ്പ ഉദ്ഘാടനം നിർവ്വഹിച്ചു. വിതയന്ത്രം ഉപയോഗിച്ചുള്ള വിത്തിടൽ, മണ്ണ് പരിശോധനാടിസ്ഥാനത്തിലുള്ള കുമ്മായ (ഡോളമൈറ്റ്) രാസവളപ്രയോഗങ്ങൾ, സ്യൂഡോമോണാസ്, ട്രൈക്കോകാർഡ് ഉപയോഗിച്ചുള്ള ജൈവകീട-രോഗ നിയന്ത്രണം എന്നീ സാങ്കേതിക



വിദ്യകളാണ് നെൽകൃഷിയിൽ അനുവർത്തിച്ചത്. കൊയ്ത്തുത്സവത്തോടനുബന്ധിച്ച് കൊച്ചു - കൊടുങ്ങല്ലൂർകാവ് ദേവസ്വം ഹാളിൽ നടന്ന കർഷകസമ്മേളനത്തിൽ കുട്ടനാട്ടിൽ നെല്ലിലും മറ്റ് വിളകളിലും കാലാവസ്ഥാനുസൃതമായ സാങ്കേതിക വിദ്യകൾ നടപ്പിലാക്കി വിജയിപ്പിച്ചതിന് കർഷകരെയും കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ പ്രവർത്തനത്തെയും ഡോ.പി.ചൗഡപ്പ പ്രകീർത്തിച്ചു. യോഗത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ലൈലാ രാജു അദ്ധ്യക്ഷത വഹിച്ചു.ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. പി.വി. സുകുമാരൻ, കായംകുളം കേന്ദ്ര തോട്ടവിള പ്രാദേശിക കേന്ദ്രം മേധാവി ഡോ. വി. കൃഷ്ണകുമാർ, ആത്മ ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ ശ്രീമതി. കെ മീന, വെളിയനാട് കൃഷി അസി. ഡയറക്ടർ ശ്രീ. മധു ജോർജ്ജ് മത്തായി, കൃഷി ഓഫീസർ



ശ്രീ. ശ്രീകുമാര പണിക്കർ, കൃഷി വിജ്ഞാന കേന്ദ്രം പ്രോഗ്രാം കോർഡിനേറ്റർ ഡോ.പി. മുരളീധരൻ എന്നിവർ ചടങ്ങിൽ സംസാരിച്ചു. ശ്രീ. എൻ. കെ. വേണുഗോപാൽ, ശ്രീ. അലക്സാണ്ടർ ആന്റണി, ശ്രീ. പി.എ.തോമസ് എന്നീ പാടശേഖര സമിതി ഭാരവാഹികളായ കർഷ



കർ അവരുടെ അനുഭവങ്ങൾ പങ്കുവെച്ചു. വിത്തിടൽ യന്ത്രം ഉപയോഗിക്കുക വഴി ഏക്കറിന് 8-10 കിലോഗ്രാം വരെ മാത്രം വിത്ത് ഉപയോഗിച്ചും മണ്ണ് പരിശോധനയിലൂടെ ഡോളമൈറ്റ് ഉപയോഗവും രാസവള പ്രയോഗം 50% വരെ കുറച്ചും നല്ല വിളവ് നേടാൻ കഴിയുമെന്ന് കർഷകർ അഭിപ്രായപ്പെട്ടു.



ഗ്രാമപഞ്ചായത്തംഗങ്ങൾ, കൃഷി ഓഫീസർമാർ, ബാങ്ക് മാനേജർമാർ, കുടുംബശ്രീ ഭാരവാഹികൾ, മാധ്യമ പ്രവർത്തകർ, സംഘടനാ ഭാരവാഹികൾ, കർഷകർ ഉൾപ്പെടെ ഇരുന്നോളം പേർ ചടങ്ങിൽ പങ്കെടുത്തു. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന വിവിധ സാങ്കേതിക വിദ്യകളും പരമ്പരാഗത കൃഷിയിൽ ഉപയോഗിച്ചു വന്നിരുന്ന ഉപകരണങ്ങളും ഉൾപ്പെടുത്തികൊണ്ട് ഒരുക്കിയ പ്രദർശനം ചടങ്ങിന് അഴകേകി.

## "സംയോജിത കുടുംബകൃഷി - ഭക്ഷ്യ പോഷക സുരക്ഷയ്ക്ക്" - സെമിനാറും മുഖാമുഖവും

2014 ൽ "അന്താരാഷ്ട്ര കുടുംബകൃഷി വർഷം" ആചരിച്ചതിന്റെ തുടർച്ചയായി കൃഷി വിജ്ഞാനകേന്ദ്രം, ആത്മ ആലപ്പുഴയുടെ പങ്കാളിത്തത്തോടെ അമ്പലപ്പുഴ ടൗൺ ഹാളിൽ ഫെബ്രുവരി ആറാം തീയതി "സംയോജിത കുടുംബകൃഷി - ഭക്ഷ്യ പോഷക സുരക്ഷയ്ക്ക്" എന്ന വിഷയത്തിൽ സെമിനാറും മുഖാമുഖവും നടത്തുകയുണ്ടായി. പതിനൊന്ന് തരം പച്ചക്കറി തൈകൾ ഒരു കർഷക കുടുംബത്തിന് കൈമാറികൊണ്ട് ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ: യു. പ്രതിഭാ ഹരി പരിപാടിയുടെ ഉത്ഘാടനം നിർവ്വഹിച്ചു.

കുടുംബത്തിലും സമൂഹത്തിലും ഭക്ഷ്യ-പോഷക സുരക്ഷയുടെ ആവശ്യകതയ്ക്ക് ഊന്നൽ നൽകുന്നതായിരുന്നു ഉത്ഘാടകയുടെ പ്രസംഗം. കൃഷിവിജ്ഞാന കേന്ദ്രത്തിൽ പുതുതായി വില്പനയ്ക്ക് തയ്യാറാക്കിയ



മത്സ്യഗവ്യം (സസ്യമിത്ര), ഇ.എം.ലായനി (ഹരിതം), നാളികേരത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നമായ ഉരുക്കു വെളിച്ചെണ്ണ എന്നീ പുതിയ ഉത്പന്നങ്ങൾ തദവസരത്തിൽ മുഖ്യാതിഥി പ്രകാശനം ചെയ്തു.



അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സതി.എസ്.നാഥ് അദ്ധ്യക്ഷസ്ഥാനം അലങ്കരിച്ച ചടങ്ങിൽ ആത്മ പ്രൊജക്ട് ഡയറക്ടർ ശ്രീമതി നീന റാഫേൽ, ഗ്രാമ പഞ്ചായത്ത് മെമ്പർ ശ്രീ. സി.ശശികുമാർ എന്നിവർ ആശംസകൾ അർപ്പിച്ചു.



തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിലെ പ്രൊഫസറും മേധാവിയുമായ ഡോ. രഞ്ജൻ.എസ്.കരിപ്പായി, കൃഷി

വിജ്ഞാന കേന്ദ്രം പ്രോഗ്രാം കോർഡിനേറ്റർ ഡോ. പി.മുരളീധരൻ എന്നിവർ സെമിനാറിന് നേതൃത്വം നൽകി. ഇരു കൃഷി വിജ്ഞാന കേന്ദ്രങ്ങളിലെയും സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റുകളായ ഡോ.ജലജ, ഡോ.പ്രമീള, ഡോ.സീജ തോമാച്ചൻ, ഡോ. വിഷ്ണു സാവന്ത്, ശ്രീ. രാജീവ് എം.എസ്, ശ്രീമതി ജിസ്സി ജോർജ്ജ്, ശ്രീമതി ലേഖ.ജി, ഡോ. എസ്.രവി, ഡോ. കെ.സജ്നനാഥ് തുടങ്ങിയവർ കർഷകരുമായുള്ള മുഖാമുഖത്തിൽ പങ്കാളികളായി.

ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ 120–ഓളം കർഷകർ പങ്കെടുത്ത പരിപാടിയിൽ, മാതൃക കുടുംബകൃഷിയിൽ നേട്ടം കൈവരിച്ച കർഷകരായ ശ്രീമതി രാധാമണിയമ്മ, ശ്രീമതി മിനി കുഞ്ഞുമോൻ, ശ്രീ. പി.എ.തോമസ് എന്നിവർ അനുഭവങ്ങൾ പങ്കുവെച്ചു.

## ബോധവത്ക്കരണ സെമിനാർ – "സസ്യഇനങ്ങളുടെ സംരക്ഷണവും കർഷകരുടെ അവകാശങ്ങളും"

കേന്ദ്ര സർക്കാരിനു കീഴിലുള്ള പി.പി.വി. ആന്റ് എഫ്.ആർ അതോറിറ്റിയുടെ സാമ്പത്തിക സഹായത്തോടെ ''സസ്യഇനങ്ങളുടെ സംരക്ഷണവും കർഷകരുടെ അവകാശങ്ങളും" എന്ന വഷയത്തിൽ ഒരു ഏകദിന ബോധവത്ക്കരണ സെമിനാർ നടത്തി. കർഷകരുടെയും സസ്യപ്രജനനം നടത്തുന്നവരുടെയും ഇനങ്ങളുടെ മേലുള്ള അവകാശങ്ങൾ



സംരക്ഷിക്കുന്നതിനും പുതിയ ഇനങ്ങൾ വികസിപ്പിക്കുന്നതിനുമുള്ള പ്രോത്സാഹനം നൽകുന്നതിനുമായി ഭാരത സർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന നിയമമാണ് "സസ്യ ഇനങ്ങളുടെ സംരക്ഷണവും കർഷകരുടെ അവകാശങ്ങളും" (PPV & FR Act 2001). ആത്മയുടെ സഹകരണത്തോടെ അമ്പലപ്പുഴ ശ്രീമൂലം ടൗൺ ഹാളിൽ ഫെബ്രുവരി 7-ാം തീയതി നടത്തിയ സെമിനാർ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ബി.സുലേഖ ഉത്ഘാടനം ചെയ്തു. അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വി.ധ്യാനസുതൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കായംകുളം, സി.പി.സി.ആർ.ഐ, പ്രാദേശിക കേന്ദ്രം മേധാവി ഡോ.വി.കൃഷ്ണകുമാർ മുഖ്യ പ്രഭാഷണം നടത്തി. ആത്മ ഡെപ്യൂട്ടി പ്രൊജക്ട് ഡയറക്ടർ ശ്രീമതി കെ.മീന, കെ.വി.കെ പ്രോഗ്രാം കോർഡിനേറ്റർ ഡോ.പി.മുരളീധരൻ, സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് ഡോ. കെ.സജ്നനാഥ് എന്നിവർ സംസാരിച്ചു. സദാനന്ദപുരം ഫാംമിംഗ് സിസ്റ്റം റിസർച്ച് സ്റ്റേഷൻ പ്രൊഫസർ ആന്റ് ഹെഡ് ഡോ. എസ്.റജീന "പി.പി.വി.എഫ്.ആർ നിയമവും കർഷകരുടെ അവകാശങ്ങളും" എന്ന വിഷയത്തെ ആസ്പദമാക്കിയും, കായംകുളം സി.പി.സി.ആർ.ഐ




പ്രാദേശിക കേന്ദ്രം സീനിയർ സയന്റിസ്റ്റ് ഡോ. റെജി ജേക്കബ് തോമസ് "കർഷക ഇനങ്ങളുടെ രജിസ്ട്രേഷൻ രീതികൾ, സസ്യജനിതക സംരക്ഷക അവാർഡുകൾ" എന്ന വിഷയത്തിലും ബോധവത്ക്കരണ ക്ലാസ്സുകൾ വഴി കർഷക ഇനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന്റെ ആവശ്യകതയെകുറിച്ചും രജിസ്റ്റർ ചെയ്യുന്ന രീതികളെകുറിച്ചും അതുകൊണ്ട് കർഷകർക്കുണ്ടാകുന്ന നേട്ടങ്ങളെകുറിച്ചും വിശദീകരിക്കുകയുണ്ടായി. സസ്യജനിതക സംരക്ഷക അവാർഡ് കരസ്ഥമാക്കിയ വരാപ്പുഴ ജൈവ പൊക്കാളി നെൽകൃഷി സംഘം സെക്രട്ടറി ശ്രീ. തോമസിനെ ചടങ്ങിൽ ആദരിക്കുകയും തുടർന്ന് അദ്ദേഹം തന്റെ സംഘത്തിന് അവാർഡ് ലഭിക്കുവാനിടയായ അനുഭവങ്ങൾ പങ്കുവെയ്ക്കുകയും ചെയ്തു. ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട നൂറോളം കർഷകർ പങ്കെടുത്ത ഈ പരിപാടിയുടെ ഭാഗമായി കർഷകരുടെ വിള ഇനങ്ങളുടെ പ്രദർശനവും സംഘടിപ്പിച്ചു.

## കൃഷിയിട പാഠശാല



ശാസ്ത്രീയവും സുസ്ഥിരവുമായ പച്ചക്കറി കൃഷി എന്ന വിഷയത്തിൽ 12 കർഷകരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു കൃഷിയിട പാഠശാല ബുധനൂർ

പഞ്ചായത്തിൽ നടപ്പിലാക്കി. ഡിസംബർ മുതൽ മാർച്ച് വരെ നടത്തിയ കൃഷിയിട പാഠശാലയിൽ പഠിതാക്കൾ രണ്ടാഴ്ചയിലൊരിക്കൽ ഒത്തുകൂടി മണ്ണ് പരിശോധനാടിസ്ഥാനത്തിലുള്ള വളപ്രയോഗം, കൃഷിക്കാവശ്യമായ ജൈവവള ഉത്പാദനം, സൂക്ഷ്മമൂലക വളങ്ങളുടെ ഉപയോഗം, രോഗ-കീടങ്ങളെ തിരിച്ചറിയാനും അവയെ നിയന്ത്രിക്കുവാനുമുള്ള ജൈവീകമാർഗ്ഗങ്ങൾ തുടങ്ങിയ ശാസ്ത്രീയ കൃഷി രീതികൾ മനസ്സിലാക്കുകയും അവ നടപ്പിലാക്കുവാനുള്ള ആത്മവിശ്വാസം കൈവരിക്കുകയും ചെയ്തു. ജൈവീക നിയന്ത്രണത്തിന് ഊന്നൽ നൽകിയ പാഠശാലയിൽ പങ്കെടുക്കുക



വഴി മിത്രകുമിൾ, മിത്ര ബാക്ടീരിയ, വിവിധതരം കെണികൾ, മത്സ്യഗവ്യം എന്നിവ കൃഷിയിടത്തിൽ ഫലപ്രദമായി ഉപയോഗിച്ച് രാസകീട കുമിൾ നാശിനികളുടെ ഉപയോഗം പരമാവധി കുറയ്ക്കുവാൻ സാധിച്ചെന്നും കൃഷിവിജ്ഞാന കേന്ദ്രത്തിലെ വിദഗ്ധരോടൊപ്പമുള്ള കൃഷിയിട സന്ദർശനം രോഗകീടങ്ങളെ തിരിച്ചറിയുവാനും പ്രതിവിധികൾ പ്രായോഗികമായി മനസ്സിലാക്കുവാനും സഹായിച്ചുവെന്നും കർഷക പഠിതാക്കൾ സാക്ഷ്യ പ്പെടുത്തി.

## വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ

### 1. കാർഷിക ലേഖനങ്ങൾ

i) രവി.എസ്, മുരളീധരൻ.പി 2015. കർഷകർ കണ്ടെത്തിയ കറവയന്ത്രം. കേരള കർഷകൻ. **60(8) :** 62-63.

ii) ജിസ്സി ജോർജ്ജ്, മുരളീധരൻ. പി. ഉരുക്കു വെളിച്ചെണ്ണയുടെ ഔഷധ മൂല്യം & തേങ്ങ പൊതിച്ചപ്പോൾ വരുമാന മധുരം, കർഷകശ്രീ **21(3) :** 49-52.

iii) രാജീവ്, എം.എസ്, ലേഖ.ജി, മുരളീധരൻ.പി 2015. അർക്ക ആഭ - ഒരു അനുഗൃഹീത തക്കാളി ഇനം. കേരള കർഷകൻ. ഇ.ജേർണൽ.**2(8):** 36-39 (ഇംഗ്ലീഷ്)

### 2. ലഘുലേഖകൾ

വിള ആരോഗ്യ പരിപാലന പദ്ധതിയുടെ ഭാഗമായി തെങ്ങിന്റെ കാറ്റുവീഴ്ച, ഓലചീയൽ, കൂമ്പ് ചീയൽ, ചെന്നീരൊലിപ്പ്, തഞ്ചാവൂർ വാട്ടം എന്നീ രോഗങ്ങളുടെ വിശദാംശങ്ങളും നിയന്ത്രണമാർഗ്ഗങ്ങളും ഉൾപ്പെടുത്തി അഞ്ചു ലഘുലേഖകൾ പ്രസിദ്ധീകരിച്ചു.

### 3. ടി.വി. പരിപാടികൾ

(i) കുട്ടനാട്ടിലെ മുട്ടാർ പഞ്ചായത്തിൽ കൃഷി വിജ്ഞാന കേന്ദ്രം പ്രദർശനവും പ്രചരണവും നടത്തിവരുന്ന നെൽകൃഷിയിലെ വിത്തിടൽ യന്ത്രത്തിന്റെ ഉപയോഗത്തെയും ഗുണങ്ങളെയും കുറിച്ചുള്ള ഒരു ഡോക്യുമെന്ററി തിരുവനന്തപുരം ദൂരദർശൻ ഫാം ഇൻഫോർമേഷൻ ബ്യൂറോയുടെ നൂറുമേനി എന്ന പരിപാടിയിൽ 04-01-15ന് സംപ്രേഷണം ചെയ്തു.

ii) കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ സാങ്കേതിക സഹായത്തോടെ ഭരണിക്കാവ് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മഞ്ഞൾ സംസ്കരണ മൂല്യ വർദ്ധന യൂണിറ്റിന്റെ വിജയഗാഥ ഫാം ഇൻഫോർമേഷൻ ബ്യൂറോയുടെ നൂറുമേനി പരിപാടിയിൽ തിരുവനന്തപുരം ദൂരദർശൻ 4-1-2015ൽ സംപ്രേഷണം ചെയ്തു.




### 4. കെ.വി.കെ - ആത്മ സംയുക്ത പരിപാടികൾ

i) ആലപ്പുഴ കളർകോട് അഞ്ജലി ആഡിറ്റോറിയത്തിൽ മാർച്ച് 2 മുതൽ 4 വരെ സംഘടിപ്പിച്ച ആത്മ സാങ്കേതിക വിദ്യാ സംഗമത്തിന്റെ ഭാഗമായി നടത്തിയ കർഷക സെമിനാറിലും കർഷക-ശാസ്ത്രജ്ഞ മുഖാമുഖത്തിലും കൃഷി വിജ്ഞാന കേന്ദ്രം പ്രോഗ്രാം കോർഡിനേറ്റർ ഡോ. പി.മുരളീധരൻ, സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റുകളായ ശ്രീമതി ജി.ലേഖ, ഡോ.എസ്.രവി എന്നിവർ പങ്കെടുത്തു. ഇതോടനുബന്ധിച്ച് ഒരുക്കിയ സാങ്കേതിക പ്രദർശനത്തിലും കെ.വി.കെ ഭാഗഭാക്കായി.

ii) ചാരുംമൂട് ബ്ലോക്കിൽ സംഘടിപ്പിച്ച 'കിസാൻ ഗോഷ്ഠി'യിൽ കൃഷിവിജ്ഞാന കേന്ദ്രത്തിലെ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് ശ്രീമതി ലേഖ.ജി പങ്കെടുത്തു.

Printed & Published by : **Dr. P. Chowdappa**, Director, CPCRI, Kasaragod; Co-ordination & Editing : **Dr. P. Muralidharan**, Programme Coordinator; Design, Layout & Compilation : **Lekha G**, KVK; Technical Inputs : **Rajeev M.S, Dr. K. Sajnanath, Jissy George, Dr. S. Ravi**; Technical Assistance : **Arathy Balakrishnan, Ansary K.M & Bijila P.V.** & Photos : **Sri. E.R. Ashokan**.

**ICAR - Krishi Vigyan Kendra - Alappuzha, ICAR-CPCRI, Krishnapuram, Kayamkulam**

*PRABHA OFFSET PRINTERS,KAPPIL :2437749, 9447908459*